(ബി) ഒന്നാം ചോദ്യത്തിനുള്ള ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

കൺട്രോൾ

*൨൫൪. (൧൧) ശ്രീ. ദേവകീഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ക്ഷേമധാന്യങ്ങളുടെ കൺട്രോൾ എടുക്കുന്നതിനേയും റേഷനിംഗ് നിറുത്തുന്നതിനേയും സംബന്ധിച്ച് ഗവൺമെൻറ് പൊതുജനാഭിപ്രായമോ, ജനപ്രതിനിധികളുടെ അഭിപ്രായമോ അന്വേഷിച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ക്ഷേമധാന്യങ്ങളുടെ കൺട്രോൾ എടുക്കുന്നതിനേയും, റേഷനിംഗ് നിറുത്തുന്നതിനേയും പറ്റി ഗവൺമെൻറതന്നെ ഇതുവരെ ആലോചിച്ചിട്ടില്ല. അതുകൊണ്ട് മറ്റാരോടെങ്കിലും ആലോചിക്ക എന്ന പ്രശ്നമേ ഉണ്ടായിട്ടില്ല.

സപ്ലീസ് സംയോജനം

*൨൫൫. (൧൨) ശ്രീ. വി. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഏതെല്ലാം ഡിപ്പാർട്ടുമെൻറുകളുടെ സപ്ലീസ് സംയോജനം പൂർത്തിയായി;

(ബി) എന്നത്തേയ്ക്ക് സപ്ലീസ് സംയോജനം പൂർത്തിയാകും?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ഒന്നും പൂർത്തിയായിക്കഴിഞ്ഞിട്ടില്ല.

(ബി) അധികം താമസിയാതെ.

ഡിറ്റൻഷൻ ആക്ട്

*൨൫൬. (൧൩) ശ്രീ. വി. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഡിറ്റൻഷൻ ആക്ടനുസരിച്ച് എത്രപേരെ തടങ്കലിൽ ആക്കി;

(ബി) തടങ്കലിൽ ആക്കിയതിനുശേഷം എത്രപേരെ വിട്ടയച്ചു;

(സി) അതിനുള്ള കാരണം എന്തു;

(ഡി) ആരുടെ റിപ്പോർട്ടിന്മേലാണ് തടങ്കലിൽ വയ്ക്കുന്നതു?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): (എ) ൧൯൫൭ മുതൽ ൩൫ പേരെ തടങ്കലിൽ ആക്കിയിട്ടുണ്ട്.

(ബി) ൧൩.

(സി) രണ്ടുപേരെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഓഡർ അനുസരിച്ചും അഞ്ചുപേരെ ഗവൺമെൻറ് ഓർഡർ അനുസരിച്ചും ബാക്കി ആറുപേരെ അവരുടെ തടങ്കൽ കാലാവധി അവസാനിച്ചതിനാലും വിട്ടയച്ചു.

(ഡി) പോലീസ് റിപ്പോർട്ടിന്മേൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ വാറണ്ടനുസരിച്ച്.

EPIDEMICS

*258. [16] **Sri. K. Ramachandran:** Will the Hon'ble Minister for Finance and Revenue be pleased to state:—

(*a*) the total number of fumigation equipments to prevent the spread of epidemics in the State;

LIBRARY ARCHIVES Kerala Legislative Assembly